സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 30.07.2023

നമ്പർ. L1/22562/23/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നത് - സംബന്ധിച്ച്

സൂചന :- G.O. (Rt) No. 3068/2023/GEDN തീയതി 29.05.2023.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലെ (ഇൻസ്ട്രക്ടർ ഇൻ സയൻസ് & മാത്സ് / ഇൻസ്ട്രക്ടർ ഇൻ ഹ്യുമാനിറ്റീസ് & ലാംഗ്വേജ് / പാർട്ട് ടൈം മലയാളം) സ്ഥിരം തസ്തികകളിലെ ഒഴിവുകളിലേക്ക് താത്കാലിക നിയമനം നടത്തുന്നതിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും അനുമതി തേടുന്ന സാഹചര്യത്തിൽ ചുവടെ പറയുന്ന വിവരങ്ങൾ ബന്ധപ്പെട്ട എല്ലാ സ്ഥാപനമേധാവികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിൽ 30 ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള ഒഴിവുകളിൽ, വ്യവസ്ഥകൾക്ക് വിധേയമായി 2023-24 അദ്ധ്യയന വർഷത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നതിന് സൂചന ഉത്തരവ് പ്രകാരം സർക്കാർ അനുമതി നല്കിയിട്ടുണ്ട്.
2) ഈ വകുപ്പിന് കീഴിലെ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലെ മേൽപ്പറഞ്ഞ അദ്ധ്യാപക തസ്തികകളിലേക്ക് നിയമനം നടത്തുന്നത് ബന്ധപ്പെട്ട ജില്ലകളിലെ പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നാണ്.
3) ഈ സാഹചര്യത്തിൽ ഈ വകുപ്പിന് കീഴിലുള്ള സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലെ മേൽപ്പറഞ്ഞ അദ്ധ്യാപക തസ്തികകളിൽ ഒഴിവുള്ള പക്ഷം, പ്രസ്തുത ഒഴിവ് പൊതു വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ജില്ലാ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രസ്തുത ഒഴിവ് നികത്തുന്നതിന് കാലതാമസം നേരിടുന്ന പക്ഷം ആയത് പ്രസ്തുത വകുപ്പിൽ നിന്നും ഉറപ്പ് വരുത്തി സൂചന സർക്കാർ ഉത്തരവിലെ വ്യവസ്ഥകളും നിലവിലുള്ള മറ്റ് മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് അതത് സ്ഥാപനമേധാവികൾക്ക് തന്നെ താത്കാലിക നിയമനം നടത്തുവാൻ അനുമതി നല്കുന്നു.
4) ഇത്തരത്തിൽ താത്കാലികമായി നിയമിക്കപ്പെടുന്ന ജീവനക്കാരുടെ വിവരങ്ങൾ ആവശ്യപ്പെടുന്ന മുറക്ക് ലഭ്യമാകുന്ന തരത്തിൽ സ്ഥാപനമേധാവികൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. ജോയിൻറ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖലാ കാര്യാലയം, കോതമംഗലം / കോഴിക്കോട്.
3. സൂപ്രണ്ട്, EC & ആഡിറ്റ് സെക്ഷൻ.
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 30.07.2023
Reason: Approved

The document is digitally approved. Hence signature is not needed.

Draft #2 of File L1/22562/23/DTE Approved by Director (in-charge) on 30-Jul-2023 02:02 PM - Page 1